# STD - VI

## അദ്ധ്യാപക സഹായി

## പാഠം – നാല്   നേതാവായ മോശ   ഭാഗം – ഒന്ന്

### ലക്ഷ്യം

ഈജിപ്തിന്റെ അടിമത്തത്തിൽനിന്ന് ഇസ്രായേൽ ജനതയെ മോചിപ്പിക്കാൻ ദൈവം മോശയെ വിളിച്ചു. സമൂഹത്തിൽ നടക്കുന്ന അക്രമങ്ങൾക്കും അനീതികൾക്കും അധികാര വിവേചനങ്ങൾക്കുമെതിരെ മോശയെപ്പോലെ ഞാനും ശബ്ദമുയർത്തുകയും പ്രതികരിക്കുകയും ചെയ്യും.

### പഠനസഹായികൾ

* ലോകനേതാക്കന്മാരായ ഗാന്ധിജി, നെൽസൻ മണ്ടേല എന്നിവരുടെ ചിത്രം
* മോശയെ പേടകത്തിലാക്കി ഒഴുക്കിവിടുന്ന ചിത്രം
* വചനം – പുറപ്പാട് 2:1–10
* മോശയുടെ ചിത്രം

### പാഠത്തിന്റെ ഉള്ളടക്കം

* യാക്കോബും മക്കളും ഈജിപ്തിൽ വലിയ ഒരു ജനമായി വളർന്നു.
* അവരുടെ വളർച്ചയിൽ ഭയപ്പെട്ട്, ഈജിപ്തുകാർ അവരെ അടിമകളാക്കി കഠിന ജോലികൾ ചെയ്യിച്ചു.
* ഇസ്രായേൽക്കാർക്ക് ജനിക്കുന്ന ആൺകുട്ടികളെ കൊന്നു കളയാൻ ഫറവോ കല്പന പുറപ്പെടുവിച്ചു.
* ഇസ്രായേൽക്കാരിയായ സ്ത്രീ അവൾക്ക് ജനിച്ച ആൺകുഞ്ഞിനെ മൂന്നുമാസം രഹസ്യമായി വളർത്തി.
* കുഞ്ഞിനെ പേടകത്തിലാക്കി നൈൽനദിയുടെ തീരത്ത് ചെടികൾക്കിടയിൽ ഒളിച്ചു വച്ചു.
* പേടകത്തിൽ നിന്നും ലഭിച്ച കുഞ്ഞിനെ രഹസ്യമായി വളർത്താൻ, രാജകുമാരി ആ കുഞ്ഞിന്റെ അമ്മയെതന്നെ ഏല്പിച്ചു.
* കുഞ്ഞു വളർന്ന് വലുതായപ്പോൾ അവനെ രാജകുമാരിയെ ഏല്പിച്ചു.
* രാജകുമാരി അവന് മോസസ് (മോശ) എന്ന പേരിട്ടു.
* താൻ ഒരു ഇസ്രായേൽക്കാരനാണെന്ന് മോശയ്ക്കറിയാമായിരുന്നു.
* മോശ ഒരു ഈജിപ്തുകാരനെ കൊന്നുകളഞ്ഞു.
* അനീതിക്കെതിരെ പ്രതികരിച്ച മോശ, ഫറവോയുടെ ശിക്ഷ ഭയന്ന് മിദിയാനിലേക്ക് ഒളിച്ചോടി.

## പ്രാർത്ഥന

കാരുണ്യവാനായ ദൈവമേ, വേദനയും ദുരിതവും അനുഭവിക്കുന്നവർക്ക് സാന്ത്വനമേകാൻ എന്നെ അങ്ങേ ഉപകരണമായി മാറ്റേണമേ. ആമ്മേൻ

## ചോദ്യങ്ങൾ

1. ഈജിപ്തിൽ, ആരാണ് വലിയൊരു ജനമായി വളർന്നത്?
2. ഫറവോ രാജാവ് ഇസ്രായേൽക്കാർക്കെതിരെ പുറപ്പെടുവിച്ച കല്പന എന്താണ്?
3. ഇസ്രായേൽക്കാരി സ്ത്രീ തന്റെ ആൺകുഞ്ഞിനെ രക്ഷപ്പെടുത്താൻ ചെയ്ത കാര്യങ്ങൾ എന്താണ്?
4. മോശ എന്ന പേരിനർത്ഥമെന്താണ്?
5. മോശ ഈജിപ്തിൽ നിന്നും എങ്ങോട്ടേക്കാണ് ഒളിച്ചോടിയത്? അതിന്റെ കാരണമെന്ത്?

# STD - VI

## അദ്ധ്യാപക സഹായി

## പാഠം – നാല്    നേതാവായ മോശ    ഭാഗം – രണ്ട്

### ലക്ഷ്യം

ദൈവത്തിന്റെ തിരഞ്ഞെടുപ്പുകളെല്ലാം മനുഷ്യന്റെ ചിന്തകൾക്ക് അതീതമാണ്. നമ്മുടെ കുറവുകളെല്ലാം അവിടുന്ന് ശക്തിപ്പെടുത്തി അനുഗ്രഹമാക്കിമാറ്റുന്നു.

അനുദിന പ്രവൃത്തികളിൽ ദൈവത്തിന്റെ ഇഷ്ടം നിറവേറ്റിക്കൊണ്ട് തന്റെ നിയോഗം നടപ്പിലാക്കാൻ ദൈവം നമ്മെ വിളിക്കുമ്പോൾ ധീരതയോടെ അത് ഏറ്റെടുക്കും.

### പഠനസഹായികൾ

* വീഡിയോ – യൂട്യൂബ് – മോശയുടെ ജനനം, മോശയെ ദൈവം വിളിക്കുന്നു, ഈജിപ്തിലെ 10 മഹാമാരികൾ
* വചനം – പുറപ്പാട് 7 മുതൽ 10 വരെ അധ്യായങ്ങൾ (10 ബാധകൾ)
* Doctor’s Symbol – പിത്തളസർപ്പം
* വചനം – പുറപ്പ. 3:9–10; 4:15; 20:1–7

### പാഠത്തിന്റെ ഉള്ളടക്കം

* ദൈവം മോശയെ വിളിക്കുന്നു.
* കത്തുന്ന മുൾപ്പടർപ്പിൽനിന്ന് ദൈവം മോശയോടു പറഞ്ഞു: നീ എന്റെ ജനമായ ഇസ്രായേൽ മക്കളെ ഈജിപ്തിൽ നിന്നു പുറത്തുകൊണ്ടുവരണം.
* തന്റെ കുറവുകൾ ദൈവത്തെ അറിയിക്കുന്നു.
* മോശയെ ദൈവം ശക്തിപ്പെടുത്തി, സഹായിയായി അഹറോനെ നൽകി അവരുടെ നാവിനെ ശക്തിപ്പെടുത്തുന്നു.
* ദൈവം മോശയിലൂടെ അദ്ഭുതങ്ങൾ പ്രവർത്തിച്ചു.
* ഈജിപ്തിൽ കഷ്ടതയിൽ കഴിയുന്ന ഇസ്രായേൽക്കാരെ തേനും പാലുമൊഴുകുന്ന കാനാൻ ദേശത്തേക്ക് നയിക്കാൻ ദൈവം മോശയെ നിയോഗിച്ചതുകൊണ്ട്, ദൈവത്തിന്റെ ജനതയെ വിട്ടയയ്ക്കാൻ ഫറവോയോട് ആവശ്യപ്പെടുന്നു.
* ഫറവോ ഇസ്രായേൽക്കാരുടെ നേർക്കുള്ള പീഡനം ഇരട്ടിയാക്കുന്നു.
* മോശവഴി ഈജിപ്തിലേക്ക് പത്തു ബാധകൾ അയക്കുന്നു.
* ഇസ്രായേൽക്കാരെ ഈജിപ്തിന്റെ അടിമത്തത്തിൽ നിന്നും മോചിപ്പിക്കുന്നു.
* ദൈവം തിരഞ്ഞെടുത്ത നേതാവായ മോശവഴി ഇസ്രായേൽ ജനവുമായി സീനായ് മലയിൽവച്ച് ഉടമ്പടി സ്ഥാപിക്കുന്നു.
* ഇസ്രായേലിന് മോശവഴി ദൈവം പത്തു കല്പനകൾ നൽകുന്നു.

## പ്രാർത്ഥന

കാരുണ്യവാനായ ദൈവമേ, എന്റെ പോരായ്മകളേയും, കുറവുകളേയും നിറവുകളാക്കി അങ്ങേയ്ക്കുവേണ്ടി വേല ചെയ്യാൻ എന്നെ ശക്തിപ്പെടുത്തി അനുഗ്രഹിക്കണമേ. ആമ്മേൻ.

## ചോദ്യങ്ങൾ

1. ഇസ്രായേൽ ജനത്തിന്റെ വാഗ്ദത്ത നാട് ഏത്?
2. ഏത് മലയിൽ വച്ചാണ് കത്തുന്ന മുൾപ്പടർപ്പിൽ നിന്ന് ദൈവം മോശയോട് സംസാരിച്ചത്?
3. മോശയ്ക്ക് സഹായിയായി ആരെയാണ് നൽകിയത്?
4. ഏതു മലയിൽ വച്ചാണ് ദൈവം മോശവഴി ഇസ്രായേൽ ജനവുമായി ഉടമ്പടി സ്ഥാപിച്ചത്?
5. ഈജിപ്തുകാരുടെ മേൽ ദൈവം അയച്ച പത്തു ബാധകൾ ഏതെല്ലാം?